# കുഞ്ഞുവാവ മഷി കുടിക്കുമ്പോൾ



**Dr. Mohandas Nair**
Professor and HOD in Pediatrics,
Govt. Medical College, Idukki
President, IAP Calicut Branch

**NEO CRADLE**
"A comprehensive newborn care management system"

‘അടുത്ത വീട്ടിലെ രാജി പ്രസവിച്ചു. കുഞ്ഞിന് ശ്വാസം മുട്ടുണ്ട് .... മഷി കുടിച്ചതാണത്രെ.. ഐസീയൂവിലാണ്... ‘

**എന്താണീ മഷി കുടിക്കൽ?**

മഷി അഥവാ മെക്കോണിയം എന്ന് പറയുന്നത് നവജാത ശിശുവിന്റെ അപ്പിയാണ്. കറുത്ത് അല്ലെങ്കിൽ കടും പച്ച നിറത്തിൽ ടാർ പോലെ കൊഴുത്തതാണ് ഈ മഷി. ഗർഭപാത്രത്തിലിരിക്കെ കുഞ്ഞ് അകത്താക്കുന്ന Amniotic fluid, കുഞ്ഞിന്റെ ശരീരത്തിൽ നിന്നും പൊഴിഞ്ഞു പോയ നനുത്ത രോമങ്ങൾ, കുഞ്ഞിന്റെ പിത്തരസം, കുടലിന്റെ ഭിത്തിയിൽ നിന്നും പൊഴിഞ്ഞു പോയകോശങ്ങൾ എന്നിവ ചേർന്നാണ് ഈ നിറത്തിലും രൂപത്തിലും ഉള്ള മഷി (Meconium) ഉണ്ടാകുന്നത്. സാധാരണ ഗതിയിൽ കുഞ്ഞ് ജനിച്ച് 24 മണിക്കൂറിനുള്ളിൽ മഷിപോകും. ഈ സമയത്തിനുള്ളിൽ പോയില്ല എങ്കിൽ ജൻമനാ മലദ്വാരം ഇല്ലാത്ത അവസ്ഥ, വൻ കുടലിനെ ബാധിക്കുന്ന ജൻമനായുള്ള രോഗമായ ഹിർഷ്സ്പ്രങ് രോഗം, തൈറോയിഡ് ഹോർമോണിന്റെ കുറവ് എന്നിവയിൽ ഏതെങ്കിലും ഉണ്ടോ എന്ന് ഡോക്ടർമാർ സംശയിക്കും. ഏതാനും ദിവസം കൊണ്ട് ഈ കടുംനിറത്തിന് കുറവു വരും (Transitional stools) ഏതാണ്ട് ഒരാഴ്ച ആകുമ്പോളേക്കും സ്വർണ്ണ നിറമുള്ള (Golden yellow) അപ്പിയായി രൂപാന്തരം പ്രാപിക്കും.

**കുഞ്ഞ് ഗർഭപാത്രത്തിനകത്തുനിന്ന് തന്നെ മഷി കുടിക്കുമോ?**

നൂറ് പ്രസവങ്ങൾ നടക്കുമ്പോൾ അതിൽ 10 മുതൽ 15 വരെ കേസുകളിൽ കുഞ്ഞ് ഗർഭപാത്രത്തിൽ തന്നെ അപ്പി ഇട്ടിരിക്കും. ഗർഭപാത്രത്തിൽ നിന്നും പുറത്തു കടക്കാനുള്ള ശ്രമത്തിനിടയിൽ സംഭവിക്കുന്നതാണിത്. ഏതു കുഞ്ഞിനും സംഭവിക്കാവുന്ന കാര്യമാണിത് എങ്കിലും മാസം തികയാതെയുള്ള പ്രസവങ്ങളിൽ വളരെ അപൂർവ്വമാണ്. പ്രസവിക്കാനുള്ള തിയ്യതിയോട് അടുക്കുമ്പോളും അത് കഴിയുമ്പോളും ഇതിനുള്ള സാധ്യത വർദ്ധിക്കുന്നു. ഗർഭപാത്രത്തിനകത്ത് കുഞ്ഞിന് ബുദ്ധിമുട്ട്

അനുഭവപ്പെടുമ്പോളും (Foetal distress) ഇതിനുള്ള സാധ്യത വർദ്ധിക്കുന്നു. ഗർഭസ്ഥ ശിശുവിന് വയറിളക്കം വരുന്ന അപൂർവ്വമായ സന്ദർഭങ്ങളിലും ഈ അവസ്ഥ ഉണ്ടാകാറുണ്ട്.

**ഇത് കൊണ്ട് എന്തെങ്കിലും പ്രശ്നമുണ്ടോ?**

ഗർഭപാത്രത്തിനകത്ത് കുഞ്ഞ് ഒരു വെള്ളത്താൽ (Amniotic fluid) ചുറ്റപ്പെട്ടാണ് കിടക്കുന്നത്. മഷി ഈ ദ്രാവകത്തിൽ കലരുന്നു. പച്ച വെള്ളം പോലുള്ള ഇതിന്റെ നിറം തവിട്ടു നിറമോ ഇളം പച്ച നിറമോ ആകുന്നു (Meconium Stained Amniotic Fluid - MSAF). കുഞ്ഞിന്റെ വയറ്റിലും ശ്വാസനാളത്തിലുമൊക്കെ Amniotic Fluid ഉണ്ടായിരിക്കും, സാധാരണ ഗതിയിൽ. ഈ പ്രത്യേക സാഹചര്യത്തിൽ Meconium കുഞ്ഞിന്റെ ശ്വാസനാളത്തിൽ പ്രവേശിക്കുന്നു. Meconium ന്റെ കട്ടിയുള്ള കഷണങ്ങൾ ശ്വാസനാളിയിൽ തടസ്സമുണ്ടാക്കുകയും പ്രസവശേഷം കുഞ്ഞിന് ശ്വാസം മുട്ടുണ്ടാവുകയും ചെയ്യാം. ഈ അവസ്ഥയെ Meconium Aspiration Syndrome (MAS) എന്നു പറയുന്നു. മെകോണിയം കലർന്ന Amniotic Fluid ലൂടെ പുറത്ത് വരുന്ന കുഞ്ഞുങ്ങളിൽ 5% ന് MAS എന്ന ബുദ്ധിമുട്ടുണ്ടാകാം.

**ഇത് പൂർണ്ണമായും തടയാനാകുമോ?**

100% പ്രസവങ്ങളും പ്രസവ തിയ്യതി ആകുന്നതിന് മുമ്പുതന്നെ, പ്രസവവേദന തുടങ്ങുന്നതിന് മുമ്പുതന്നെ സിസേറിയൻ വഴി നടത്തുകയാണെങ്കിൽ ഒരു പക്ഷേ ഇത് തടയാൻ പറ്റും. എന്നാൽ ഇത് ഒരിക്കലും സ്വീകരിക്കാൻ പറ്റുന്ന നടപടി അല്ലല്ലോ.. അതുകൊണ്ടു തന്നെ പ്രസവ ശുശ്രൂഷയും ചികിൽസയും ഏറ്റവും അധികം വികസിച്ച രാജ്യങ്ങളിൽ പോലും ഈ സ്ഥിതിവിശേഷം അപൂർവ്വമല്ല.

**കുഞ്ഞ് ഗർഭപാത്രത്തിനകത്ത് തന്നെ മഷിയിട്ടു എന്നറിഞ്ഞാൽ എന്തു ചെയ്യും?**

ഗർഭപാത്രത്തിനകത്ത് കുഞ്ഞ് സുരക്ഷിതമാണ് എന്ന് ഉറപ്പു വരുത്താൻ കൃത്യമായ നിരീക്ഷണം വേണം. കുഞ്ഞിന്റെ ഹൃദയമിടിപ്പ്, അനക്കം എന്നിവ നിരീക്ഷിക്കും. കൂടാതെ ചില ഉപകരണങ്ങൾ ഉപയോഗിച്ചുള്ള നിരീക്ഷണങ്ങളും ഇതിൽ പെടുന്നു. പ്രസവം അധികം താമസിക്കാതെ നടക്കുന്നു എന്ന് ഉറപ്പു വരുത്തും. സ്വാഭാവിക പ്രസവം സാധ്യമാകുമെങ്കിൽ അങ്ങനെ. ചിലപ്പോൾ സിസേറിയൻ വേണ്ടി വന്നേക്കാം.

**കുഞ്ഞിന്റെ ശ്വാസനാളിയിൽ കയറിയ മെകോണിയം എങ്ങനെ പുറത്ത് കളയും?**

കഴിഞ്ഞ 20-30 വർഷങ്ങൾ കൊണ്ട് ഇത്തരം സാഹചര്യത്തിൽ നവജാത ശിശുവിനെ എങ്ങനെ ചികിൽസിക്കണം എന്ന കാര്യത്തിൽ വളരെയേറെ മാറ്റങ്ങൾ വന്നു.

90 കളിലെ രീതിയനുസരിച്ച് പ്രസവ സമയത്ത് കുഞ്ഞിന്റെ തല പുറത്തു വന്നയുടനെ കുഞ്ഞിന്റെ തൊണ്ടയിൽ നിന്നും മെകോണിയം സക്ഷൻ ഉപകരണം വഴി പുറത്ത് കളയുമായിരുന്നു.

കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ അതിന്റെ ആവശ്യമില്ല എന്നും കുഞ്ഞു പുറത്ത് വന്നയുടനെ, കരയുന്നതിന് മുമ്പ് എത്രയും പെട്ടെന്ന് ശ്വാസനാളത്തിൽ ട്യൂബ് ഇട്ട് Meconium Suction ചെയ്ത് കളഞ്ഞാൽ മതി എന്നായി. പിന്നീട് അതും മാറി. പ്രസവിച്ച ഉടനെ കരഞ്ഞ കുഞ്ഞുങ്ങൾക്ക് ട്യൂബ് ഇടേണ്ടതില്ല, കരയാത്ത (ശ്വസിക്കാൻ വയ്യാത്ത ) കുഞ്ഞുങ്ങൾക്ക് മാത്രം മതി എന്നായി. എന്നാലിന്ന് അതിനും മാറ്റം വന്നു. ശ്വാസനാളിയിൽ നിന്നും മെക്കോണിയം പുറത്ത് കളയാനായി ട്യൂബിടാൻ സമയം കളയാതെ കുഞ്ഞിന് കൃത്രിമ ശ്വാസം

നൽകുന്നതിനാണ് കൂടുതൽ പ്രാധാന്യം എന്നതാണ് ഇന്നത്തെ രീതി. നമ്മൾ ചെയ്യുന്ന ഇടപെടലുകൾ ഗുണകരമാകുന്നുണ്ടോ എന്ന് ബോധ്യപ്പെടുകയും ഇല്ലെങ്കിൽ ചെയ്യുന്ന രീതി മാറ്റാൻ തയ്യാറാകുകയും ചെയ്യുന്ന Evidence Based Medicine ന്റെ പ്രത്യേകതയാണിത്. മറ്റു വൈദ്യശാസ്ത്രശാഖകളിൽ നിന്നും മോഡേൺ മെഡിസിനെ വ്യത്യസ്തമാക്കുന്നതും മറ്റൊന്നല്ല.

**നവജാത ശിശു MAS ന്റെ ലക്ഷണങ്ങൾ കാണിക്കുന്നു എങ്കിൽ ചികിൽസ എങ്ങനെയാണ്?**

രക്തത്തിലെ ഓക്സിജന്റെ അളവ് കുറയാതെ നോക്കുക, ആവശ്യമെങ്കിൽ Ventilator സഹായം ലഭ്യമാക്കുക, പാൽ കുടിക്കാൻ ബുദ്ധിമുട്ടുള്ള രീതിയിൽ ശ്വാസം മുട്ടുണ്ടെങ്കിൽ Drip ഇടുക, അണുബാധയുടെ സാഹചര്യം ഉണ്ടെങ്കിൽ Antibiotic മരുന്നുകൾ ഉപയോഗിക്കുക ഇവയൊക്കെയാണ് പ്രധാനമായും ചെയ്യുന്നത്. 95% ലധികം കുഞ്ഞുങ്ങളും ഇത്തരം ചികിത്സയിലൂടെ രക്ഷപ്പെടുന്നു.

ജില്ലാ ഭരണകൂടം
കോഴിക്കോട്